ലേഖനം നമ്പർ - 2

# വിശുദ്ധ കുർബ്ബാന-ലഘുവ്യാഖ്യാനം

**ആമുഖം (പാർട്ട് 2):**

**വി. കുർബ്ബാനയുടെ അർത്ഥം:**

കുർബ്ബാന എന്ന പദത്തിന് കാഴ്ച, വഴിപാട്, സമ്മാനം, രഹസ്യം, ബലിയർപ്പണം എന്നിങ്ങനെ പല അർത്ഥങ്ങളുണ്ട്. 'കുർബ്ബോനൊ' എന്ന സുറിയാനി പദത്തിൽ നിന്നാണ് കുർബ്ബാനയെന്ന പദമുണ്ടായത്.

**വി. കുർബ്ബാനയ്ക്ക് വിവിധ പേരുകളുമുണ്ട്:**
നമ്മിലുള്ള ഭിന്നജീവനെ ഏകദൈവത്തോട് യോജിപ്പിക്കുന്നതുകൊണ്ട് യോജ്യത (ക്നുശിയോ) എന്നും, കർത്താവുമായി സംസർഗ്ഗം ഉണ്ടാക്കുന്നതിനാൽ സംസർഗ്ഗം (ശൗത്തോപ്പൂസൊ) എന്നും, സ്വർഗ്ഗീയരും ഭൗമീകരും അകന്നവരും അടുത്തവരും ഒത്തുചേരുന്നതിനാൽ കൂട്ടായ്മ (കൂറോബൊ) എന്നും പാപ പരിഹാരം നൽകുന്നതിനാൽ യാഗം അഥവാ ബലി (ദെബഹൊ) എന്നും മാളികയിൽ വച്ച് രഹസ്യമായി ശിഷ്യന്മാരെ ഏല്പിച്ചതിനാൽ രഹസ്യം (റോസൊ) എന്നും എല്ലാ കൂദാശകളുടെയും പൂർണ്ണത വിശുദ്ധകുർബ്ബാനയിൽ കൂടി ആയതിനാൽ പൂർണ്ണതയുടെ പൂർണ്ണത (ഗ്മീറൂസ്ു ഗ്മീർമോസൊ) എന്നും, വിശ്വാസികൾ പിതാവായ ദൈവം മനുഷ്യന് നൽകിയിട്ടുള്ള രക്ഷക്കും അനുഗ്രഹങ്ങൾക്കുമായി സ്തുതിയും സ്ത്രോത്രവും നന്ദിയും സമർപ്പിക്കുന്നതുകൊണ്ട് സ്തോത്രം Thanks (എവുക്കാറിസ്തിയ) എന്നും വിവിധ പേരുകൾ ഉണ്ട്.

**വി. കുർബ്ബാനയിൽ സംബന്ധിക്കുവാനുള്ള നിബന്ധനകൾ :**
"എല്ലാ കർതൃദിവസവും നിങ്ങൾ ഒരുമിച്ചുകൂടുകയും, അപ്പം നുറുക്കുകയും, നന്ദി അർപ്പിക്കുകയും ചെയ്യുമ്പോൾ, ഒന്നാമത് നിങ്ങളുടെ പാപങ്ങളെ ഏറ്റുപറയണം. അതുമൂലം നിങ്ങളുടെ നാമം ശുദ്ധമുള്ളതായിത്തീരും. രണ്ടുപേർ തമ്മിൽ വഴക്കുകൂടി രമ്യതപ്പെടാതെ ആരാധനയിൽ സംബന്ധിക്കുവാൻ വന്നാൽ ആരാധനയിൽ പ്രവേശിക്കുവാൻ അനുവദിക്കരുത്. അങ്ങനെ ആരാധന മലിനപ്പെടാനിടയാക്കരുത്"
**വി. കുർബ്ബാനയുടെ ഉദ്ദേശം – വേദപുസ്തകാടിസ്ഥാനത്തിൽ** :സെഹിയോൻ മാളികയിൽ വച്ച് തന്റെ അന്ത്യ അത്താഴ സമയത്ത് നമ്മുടെ കർത്താവ് വിശുദ്ധ കുർബ്ബാന ആരംഭിക്കുന്നതിന് മുൻപ് തന്നെ ഇതിന്റെ മഹത്വം, ഉദ്ദേശം, ആവശ്യം എന്നിവയെക്കുറിച്ച് സുവിശേഷത്തിൽ സൂചിപ്പിച്ചിട്ടുണ്ട്.

1. പാപമോചനത്തിന്–"ഇത് അനേകർക്കുവേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം" (മത്താ 26:28).
2. ജീവനുണ്ടാകുവാൻ – "സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു. ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും. ഞാൻ കൊടുക്കുന്ന അപ്പവും ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസവും ആകുന്നു" (യോഹ 6:51).
3. നിത്യജീവനുണ്ടാകുവാൻ– "എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന്നു നിത്യജീവൻ ഉണ്ട്" (യോഹ 6:54).
4. പുനരുദ്ധാരണത്തിന് – "കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു; നന്മചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായ വിധിക്കായും പുനരുത്ഥാനം ചെയ്‌വാനുള്ള നാഴിക വരുന്നു" (യോഹ 5:28, 29).
5. ദൈവം നമ്മിൽ വസിക്കുന്നതിന് – "എന്റെ മാംസം തിന്നുകയും, എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു" (യോഹ 6:56).

ഓർത്തഡോക്സ് സഭയിൽ വിശുദ്ധ കുർബ്ബാനയുടെ സ്ഥാനം വളരെ വലുതാണ്. നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരത്തിലെ മുഴുവൻ സംഭവങ്ങളും കുർബ്ബാനയിൽ അനുസ്മരിക്കപ്പെടുന്നു. (കർത്താവിന്റെ ജനനം മുതൽ രണ്ടാം വരവ് വരെ) വേദപുസ്തക ഭാഗങ്ങളാൽ സമ്പന്നമായ വിശുദ്ധ കുർബ്ബാനയിൽ ജീവനോടിരിക്കുന്നവർ മാത്രമല്ല, വാങ്ങിപോയവരും, വിശുദ്ധന്മാരും മാലാഖമാരും ഇതിൽ സമ്മേളിക്കുന്നെന്നാണ് സഭയുടെ വിശ്വാസം. തുയോബോ അല്ലെങ്കിൽ ഒരുക്കം, അനാഫോറ അഥവാ കുർബ്ബാനയുടെ പരസ്യ ശുശ്രൂഷ, കുർബ്ബാനാനന്തര ശുശ്രൂഷ എന്നിവയാണ് പ്രധാനഭാഗങ്ങൾ. ഇതിൽ ആദ്യഭാഗവും അവസാന ഭാഗവും പൂർണ്ണമായും രഹസ്യമായി തിരശ്ശീല ഇട്ടുകൊണ്ട് നടത്തുന്ന പ്രാർത്ഥനയാണ്. ഏറ്റവും പ്രധാനമായ രണ്ടാം ഭാഗത്തിൽ രഹസ്യ പ്രാർത്ഥനകളും, തിരശ്ശീല ഇടുന്ന ഭാഗങ്ങളുമുണ്ടെങ്കിലും ഭൂരിഭാഗവും പരസ്യ ശുശ്രൂഷയാണ്. ■

*(തുടരും...)*

Editorial Board: P.T. John, K.K. George (94470 40484), Mammen Abraham & Suma Mathew. Design: Cornet, Cochin
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com For Private Circulation only***
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490**





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 7 • ISSUE : 7 JULY 2013

## എഡിറ്റോറിയൽ

### എങ്ങിനെ പ്രാർത്ഥിക്കണം

പലപ്പോഴും പ്രാർത്ഥിക്കേണ്ടതെന്തെന്ന് നമുക്കറിയില്ല. കൂടുതലാളുകളും നമ്മെ കാത്തുകൊള്ളണമെന്നല്ലാതെ ദൈവത്തോട് ഒന്നും അപേക്ഷിക്കാറില്ല. പലപ്പോഴും മറ്റുള്ളവരെ ഓർക്കാറുമില്ല.റോമർ 8:26 –ൽ പറയുന്നത്"വേണ്ടും പോലെ പ്രാർത്ഥിക്കേണ്ടത് എന്തെന്ന് നാം അറിയുന്നില്ലല്ലോ. ആത്മാവുതന്നെ ഉച്ചരിച്ചുകൂടാത്ത ഞരക്കങ്ങളാൽ നമുക്ക് വേണ്ടി പക്ഷവാദംചെയ്യുന്നു."എഫെ3 :20– ൽ പറയുന്നതും മറ്റൊന്നുമല്ല. നാം ചോദിക്കുന്നതിലും നിനയ്ക്കുന്നതിലും ഉപരിയായി നൽകുവാൻ കഴിയുന്നവനാണ് ദൈവമെന്നാണ്.യേശു പറയുന്നതുപ്രകാരവും നമുക്ക് ദൈവത്തോട് എന്തും ചോദിക്കുവാനുള്ള അധികാരമുണ്ട്.ഇതൊക്കെയാണെങ്കിലും പ്രാർത്ഥനയിൽ ദൈവത്തിനാണ് മുൻതൂക്കം നൽകേണ്ടത്. നമുക്ക് എന്താണ് നല്ലതെന്ന് അറിയുന്നവൻ അവൻ മാത്രമാണ്. അതുകൊണ്ട് ദൈവയിഷ്ടം നമ്മിൽ നടപ്പാക്കേണമെന്നായിരിക്കണം നമ്മുടെ പ്രാർത്ഥന. യേശുക്രിസ്തുവിന്റെയും ക്രൂശിലെ പ്രാർത്ഥന "എങ്കിലും ഞാൻ, ഇച്ഛിക്കുന്നതല്ല, നീ ഇച്ഛിക്കുന്നതത്രേ, ആകട്ടെ'' എന്നായിരുന്നല്ലോ (മർക്കോ 14: 36).

പ്രസിദ്ധ വേദാന്താധ്യാപകനായിരുന്ന ജയിംസ് മക്കോങ്കിയുടെ ജീവിതത്തിൽ നടന്ന ഒരു സംഭവം അദ്ദേഹം വിവരിക്കുന്നുണ്ട്. ഒരിക്കൽ അദ്ദേഹം ഒരു പായ് വഞ്ചിയിൽ ഒരു ഉൾനാടൻ തടാകത്തിൽ വിനോദ സഞ്ചാരത്തിന് ഒരുമ്പെട്ടു.തടാകത്തിന്റെ നടുഭാഗത്തെത്തിയപ്പോൾ കാറ്റ് നിലക്കയും അദ്ദേഹത്തിന് കര പറ്റാൻ നിർവ്വാഹമില്ലാതെ വിഷമിക്കയും ചെയ്തു. ഒരിളം കാറ്റെങ്കിലും ലഭിക്കുവാൻ അദ്ദേഹം ദൈവത്തോട് പ്രാർത്ഥിച്ചു. ഒരു മണിക്കൂറോളം കഴിഞ്ഞിട്ടും ചെറിയ കാറ്റുപോലും ലഭിച്ചില്ല. അദ്ദേഹത്തിന് വളരെ ഭയം തോന്നി. തന്നെയുമല്ല കരയിൽ നിന്നടിച്ച ചെറിയ തിരമാലകളുടെ ഇളക്കം കൊണ്ട് പായ് വഞ്ചി കൂടുതൽ അകലുകയും

.....ശേഷം രണ്ടാം പേജിൽ

## ഇടയ ലേഖനം

### പ്രളയത്തിന്റെ ദൈവശാസ്ത്രം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത



ഹിന്ദു പുരാണങ്ങൾ യുഗാന്ത്യകാലത്തുണ്ടാകാൻ പോകുന്ന "പ്രളയകാല"ത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. അതിന്റെ ചുവടുപിടിച്ചാകാം അധികാരദുരയാൽ മത്തുപിടിച്ച വിവേകശൂന്യരായവർ "എനിക്കു ശേഷം പ്രളയം" എന്ന് ഭീഷണി മുഴക്കുന്നത്. എന്തായാലും പ്രളയം വലിയൊരു ദുരന്തം തന്നെ. നോഹയുടെ കാലത്തുണ്ടായ മഹാപ്രളയത്തിന് ഹേതു അക്കാലത്ത് ജീവിച്ചിരുന്ന മനുഷ്യരുടെ തിന്മക്കൂമ്പാരമായിരുന്നുവെന്ന് ഉൽപ്പത്തി പുസ്തകം പറയുന്നു. ആ പ്രളയത്തിൽ എല്ലാം മുങ്ങി; എങ്കിലും "വിത്ത്" എന്ന വണ്ണം ഒരു ശേഷിപ്പ് ഉണ്ടായിരുന്നു. അതിൽ എല്ലാ ജന്തുക്കളുടെയും പ്രാതിനിധ്യമുണ്ടായിരുന്നു. അപ്പോൾ അതൊരു ശുദ്ധീകരണ പ്രക്രിയയായിരുന്നോ? എങ്കിലും വിത്ത് പഴയതിന്റേതുതന്നെയായിരുന്നല്ലോ? മലയാളിയുൾപ്പെടെ മഴയ്ക്ക് വേണ്ടി ദാഹിച്ചിരുന്ന പലർക്കും ആവശ്യത്തിനും അതിലധികവും 'വർഷം' ലഭിച്ചിരുന്നു. രാജസ്ഥാനിൽ മാത്രം കഠിനമായ ചൂട് നിലനിൽക്കുന്നു എന്നാണ് വാർത്ത. മഴയും മഞ്ഞും വേനലുമെല്ലാം നമുക്ക് ആവശ്യമാണ്. എങ്കിലും ജലലേശമില്ലാതെ ജീവൻ നിലനിൽക്കില്ല. അന്യ ഗ്രഹങ്ങളിലും 'നനവു' ലക്ഷണം കണ്ടാൽ, പിന്നെ ജീവ സാന്നിദ്ധ്യമാണല്ലോ ശാസ്ത്രജ്ഞർ തേടുന്നത്. നീരാവി പൊങ്ങി ജലകണങ്ങളായി പെയ്തിറങ്ങി ഭൂമിയെ നനക്കുന്ന രംഗം ആദിയിലേ ലഭ്യമാണ്. അങ്ങനെ ദൈവ കരുണയുടെ അടയാളമായി മഴയും ജലവും നിലനിൽക്കുന്നു.

ഏലിയാവിന്റെ കാലത്ത് ഏഴരക്കൊല്ലം മഴ പെയ്യാതിരിക്കുകയും പിന്നീട് ദീർഘദർശിയുടെ പ്രാർത്ഥനയാൽ "ആകാശം തുറക്കപ്പെട്ട്" മഴ പെയ്തിറങ്ങുന്നു. ഇത് ഒരു ഗഹനമായ പ്രതീകം തന്നെ. ആകാശം തുറന്നാൽ കാണുന്ന കാഴ്ചയും, പൊഴിയുന്ന ജലകണങ്ങളും ദൈവകരുണയുടേതുതന്നെ. സ്തേഫാനോസിന്റെ മുമ്പിൽ "ആകാശം തുറക്കപ്പെടുന്നത്" സ്മരണീയമാണ്. മഴയുടെ അഭാവത്തെപ്പറ്റിയും, അഥവാ മഴയുടെ ആഗമനത്തെപ്പറ്റിയും ദൈവപുരുഷൻമാർക്ക് മുന്നറിവുകൾ ലഭിക്കുന്നു. ആകാശത്തിന്റെ ഭാവങ്ങളെ വിവേചിപ്പാൻ ത്രാണിയുള്ളവരാണവർ. ഭൗതിക വ്യവഹാരങ്ങളിൽ കുടുങ്ങിക്കിടക്കുന്നവർക്ക് അത് അസാധ്യം. നീരാവി, പ്രാർത്ഥിക്കുന്ന മനുഷ്യരുടെ നെടുവീർപ്പിന് സമമാണ്. ആബീലേൻമാരുടെ (വിലാപികൾ) നയനങ്ങളിൽ നിന്നും മഴത്തുള്ളികൾ പോലെയാണ് കണ്ണുനീർ പ്രവാഹമുണ്ടാകുക. അവിടെ ദൈവകൃപയുടെ മാരിയുണ്ടാകുന്നത് സ്വാഭാവികം മാത്രം.

ഉത്തരാഖണ്ഡിൽ തീർത്ഥയാത്ര പോയവർ നല്ല ഉദ്ദേശ്യ ലക്ഷ്യങ്ങളോടെയാണ് യാത്ര പോയത്. പക്ഷെ ഇത്ര വലിയ അനർത്ഥം പ്രകൃതിക്ഷോഭമായുണ്ടാകാൻ നിമിത്തമെന്ത് എന്ന് കാര്യമായി അന്വേഷിക്കേണ്ടിയിരിക്കുന്നു. ഈ പ്രകൃതിക്ക് ആരോടും വിശേഷാൽ മമതയോ വിദ്വേഷമോ ഇല്ല. എങ്കിലും പ്രകൃതിയുടെ ക്രമത്തിന് താളം തെറ്റലുണ്ടാകും വിധം മനുഷ്യൻ അതിനു നേരെ അക്രമമഴിച്ചു വിട്ടാൽ ദുരന്തത്തിലേ അത് കലാശിക്കൂ എന്ന് ഇന്നു വ്യക്തമാണ്. അണക്കെട്ടുകളുടെ നിർമാണം, വൃക്ഷങ്ങൾ വെട്ടി നശിപ്പിച്ചത്, മലമടക്കുകൾ വെട്ടിക്കീറി മണിമന്ദിരങ്ങൾ പടുത്തുയർത്തിയത് ഇവയെല്ലാം ഹിമാലയസാനുക്കളിലെ പുണ്യസ്ഥലങ്ങളുടെ നാശത്തിന് കാരണമായി പറയപ്പെടുന്നു. അപ്പോൾ ഈ പ്രളയത്തിനും കാരണക്കാർ ആര്?

പെന്തിക്കൊസ്തി നാളിൽ ശിഷ്യൻമാരുടെ മേൽ പവിത്രാത്മാവിന്റെ ഒരു പ്രളയമായിരുന്നു. ഒരു ആത്മീക സുനാമി; അത് അവരിലെ അജ്ഞതയും അധീരവുമെല്ലാം ഒഴുക്കിക്കളഞ്ഞ് അവരെ അസാധാരണരും ദൈവസ്നേഹത്തിന്റെ സാക്ഷികളുമാക്കി. എങ്കിലും പ്രളയത്തിന് കാരണക്കാരായ അധർമ്മികളെപ്പോലും ദൈവം എന്നെന്നേക്കുമായി കൈ വിടുന്നില്ല (പത്രോസ് 3:19–20). അവർക്ക് സുവാർത്ത കേട്ട് അനുതപിച്ച് മാനസാന്തരപ്പെടുവാൻ അവസരം നൽകുന്ന മഹാനുഭാവനാണ് സർവേശ്വരൻ. എസക്കിയേലിന്റെ ദീർഘ ദർശനത്തിൽ ദേവാലയത്തിന്റെ പ്രവേശന കവാടത്തിൽ നിന്നും ഒഴുകുന്ന ജലപ്രവാഹത്തെ കാണുന്നു(യെഹെ.47). അത് ഒഴുകി അകലുന്തോറും വർധിച്ചു വരുന്നു. അത് ഒഴുകുന്നിടത്തെല്ലാം പുതുജീവനും സൗഖ്യവുമുണ്ടാകുന്നു. അങ്ങനെ ജലപ്രവാഹം ഒരനുഗ്രഹമായി മാറുന്നു.
ദൈവകൃപയുടെ കുത്തൊഴുക്കുണ്ടാകട്ടെ... ■



c m y k

## വികാരിയുടെ കത്ത്

# പ.പത്രോസ് ശ്ലീഹ

Prof. Fr. O.J. Jacob



ശ്ലീഹാ നോമ്പും തുടർന്ന് പ.പത്രോസ് പൗലോസ് ശ്ലീഹന്മാരു ടെ ഓർമ്മയും കൊണ്ടാടുന്ന അവസരമാണല്ലോ ഇത്. യേശുക്രിസ്തുവിന്റെ ശിഷ്യഗണത്തിൽ ശ്രദ്ധേയമായ വ്യക്തിത്വമാണ് പ.പത്രോസ് ശ്ലീഹായുടേത്. ക്രിസ്തുവിനോട് ചേർന്നുള്ള ജീവിതത്തിൽ നല്ല തീരുമാനങ്ങൾ എടുക്കുകയും, പ്രസ്താവനകൾ നടത്തുകയും ചെയ്ത മനുഷ്യൻ, വി. വേദപുസ്തകത്തിലെ ഉന്നത ശീർഷരായ മോശ, ദാവീദ്, യെശെയ്യ എന്നിവരുടെ സ്ഥാനത്തു നിൽക്കുവാൻ യോഗ്യനാകും വണ്ണം അദ്ദേഹത്തിനു ആത്മീക സന്തോഷത്തിന്റെയും ഉന്നത ദർശനങ്ങളുടെയും അവസരങ്ങൾ ഉണ്ടായിട്ടുണ്ട്.

“കർത്താവേ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടല്ലോ? നീ ദൈവത്തിന്റെ പുത്രൻ എന്ന് ഞങ്ങൾ വിശ്വസിച്ചും, അറിഞ്ഞും ഇരിക്കുന്നു.”

“നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നു.” “കർത്താവേ ഞാൻ പാപിയായ മനുഷ്യനാകകൊണ്ട് എന്നെ വിട്ട് പോകണമേ”

ഈ വചനങ്ങൾ പത്രോസ് യഥാക്രമം കപ്പന്നഹുവിലും, കൈസര്യായിലും, കടൽതീരത്തും വെച്ച് ക്രിസ്തുവിനോട് പറഞ്ഞതാണ്. ഈ വാക്കുകളിൽ ദൈവപരിജ്ഞാനിയും, ദാർശനികനും,അ നുതാപിയുമായമ നുഷ്യനെക ണ്ടെത്താം.സ ന്തം ഗുരുവിനെ അകമഴിഞ്ഞു സ്നേഹിക്കുകയും, ദൈവസ്നേഹത്തിന്റെ കുളിരിൽ വസിക്കുകയും ചെയ്ത മനുഷ്യനാണ് പത്രോസ്. ക്രിസ്തുവിന്റെ വിളി കേട്ട് ജീവിത സാഹചര്യങ്ങൾ ഉപേക്ഷിച്ചു. കാൽ കഴുകുവാൻ വന്ന ഗരുവിനെ തടയുന്നു. ക്രിസ്തുവിനെ പിടിക്കുവാൻ വന്ന ഭടന്റെ കാത് വാൾ കൊണ്ട് അറുത്തു. ഇതെല്ലാം പത്രോസിന് ക്രിസ്തുവിനോടുള്ള സ്നേഹമാണ് തെളിയിക്കുന്നത്. ജീവിതത്തിൽ വന്ന പാളിച്ചകൾ പത്രോസ് ഏറ്റുപറയുന്നു. തന്നെ തള്ളി പറഞ്ഞ പത്രോസിനെ ക്രിസ്തു നോക്കി (വി.ലൂക്കോസ് 22 : 61).

ആ നോട്ടത്തിൽ ഇരു ഹൃദയങ്ങളും ഒരിക്കലും വേർപെടുത്താനാവാത്ത വിധം അടുത്തു. മഹാപുരോഹിതന്റെ നടുമുറ്റത്തെ തീയ്ക്കരുകിൽ ജനമദ്ധ്യേ പത്രോസ് ക്രിസ്തുവിനെ മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞു.

എന്നാൽ തീയുടെ സാന്നിദ്ധ്യത്തിൽ തന്നെ ഏകാന്തതയിൽ ക്രിസ്തുവിനെ സ്നേഹിക്കുന്നുവെന്ന് ഏറ്റുപറഞ്ഞു.‘‘സ്നേഹം പാപങ്ങളുടെ ബഹുത്വത്തെ മറക്കുന്നു.” പത്രോസ്ശ്ലീഹാ തന്റെ പ്രഥമ ലേഖനത്തിൽ കുറിച്ച (പത്രോസ് 4 : 9) സ്വന്തം അനുഭവമാണ് ഈ വാക്കുകൾ.

പത്രോസ് ശ്ലീഹായുടെ സ്വഭാവവിശേഷങ്ങൾ നമ്മുടെ ജീവിതത്തിലും പലപ്പോഴും പ്രകടമാകുന്നുണ്ട്. വിശ്വാസപ്രഖ്യാപനങ്ങളും, തള്ളിപ്പറച്ചിലുകളുംന ാമുംെ ചയ്യാറുണ്ട്.പ ത്രോസ്ത ിന്മയുടെ പെരുവഴിയിൽ നിന്നും സത്യമാർഗ്ഗത്തിലേക്ക് തിരികെ നടന്നു. നാം എങ്ങോട്ടാണ് പോകുന്നത്? ആശ്രമാംഗത്തോട് സന്ദർശകൻ ചോദിച്ചു– നിങ്ങൾ ഇവിടെ എന്തു ചെയ്യുന്നു?– “ ഞങ്ങൾ വീഴും എഴുന്നേൽക്കും, വീണ്ടും വീഴും വീണ്ടും എഴുന്നേൽക്കും.” പത്രോസ് വീണുപോകുന്നുണ്ട്. പക്ഷെ എഴുന്നേൽക്കുന്നു. പതനങ്ങളിൽ നിന്ന് എഴുന്നേൽക്കണം.ക്രിസ്തുവിന്റെ സന്നിധിയിൽ നിൽക്കണം. അവൻന മ്മെശ ിക്ഷിക്കയില്ല,ക ുറ്റപ്പെടുത്തുകയില്ല.ത ള്ളിക്കളയുകയുമില്ല.

ജനമധ്യേ തള്ളി പറഞ്ഞാൽ, ഏകാന്തതയിൽ ചോദിക്കും നീ എന്നെ സ്നേഹിക്കുന്നുവോ? ഉവ്വ് എന്ന് ഉത്തരം പറയുവാൻ കഴിയണം. തന്നെ സ്നേഹിക്കുന്ന ശിഷ്യന് നൽകിയതുപോലെ ഉത്തരവാദിത്വങ്ങൾ അവൻ നമുക്ക് നൽകും.ക്രിസ്തുവിനെ സ്നേഹിക്കുക എന്നു പറഞ്ഞാൽ അവൻ നൽകുന്ന ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുകയെന്നാണർത്ഥം. ദൈവ സ്നേഹത്തിന്റെ സുഖശീതളിമയിലേക്ക് നമുക്കും എത്തിച്ചേരാം. ■

(1–ാം പേജ് തുടർച്ച)

ചെയ്യുന്നു. അപ്പോൾ പെട്ടെന്ന് ഒരു വഞ്ചി തുഴഞ്ഞ് ഒരാൾ അദ്ദേഹത്തിന്റെ അടുത്ത് വരുന്നത് ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ പ്രയാസം മനസ്സിലാക്കിയ ഒരു വൃദ്ധനായ മുക്കുവനായിരുന്നത്.അയാൾ വന്ന് പായ് വഞ്ചി കെട്ടിവലിച്ച് കരക്കടുപ്പിച്ച് ജയിംസിനെ രക്ഷപ്പെടുത്തി.

ഈ സംഭവം ജയിംസിന്റെ പ്രാർത്ഥനാ ശീലത്തിന് പുതിയ മാനം കുറിക്കുകയായിരുന്നു. കാറ്റു ചോദിച്ചതിന് മറുപടി കിട്ടിയത് വേറെ മാർഗ്ഗമായിരുന്നു. കാറ്റ് കിട്ടുകയായിരുന്നെങ്കിൽ പായ് വഞ്ചി ദിശ തെറ്റി ആഴം കുറഞ്ഞിടത്ത് ഉറച്ച് പോകാനുള്ള സാധ്യതയുള്ള തടാകമായിരുന്നത്, എന്ന് ജയിംസ് പിന്നീട് മനസ്സിലാക്കി. പക്ഷെ ദൈവം പ്രാർത്ഥനക്ക് മറുപടിയായി അയച്ച മുക്കുവ വൃദ്ധൻ ആ തടാകം നല്ല പരിചയമുള്ളവനായിരുന്നത് അപകടം ഒഴിവാക്കി.

നമുക്ക് പ്രാർത്ഥിക്കുവാൻ അറിയില്ലെങ്കിലും പരിശുദ്ധാത്മാവ് നമ്മുടെ പ്രാർത്ഥന വേണ്ട വിധമാക്കി ദൈവ ഇഷ്ടം നമ്മിൽ നടപ്പാക്കിക്കൊള്ളും. അതുകൊണ്ട് ദൈവത്തോട് നമുക്ക് തോന്നുന്നതെന്തും ചോദിക്കാം. പക്ഷെ എങ്ങിനെ പ്രതികരിക്കണമെന്ന് ദൈവം നിശ്ചയിക്കട്ടെ. ■

## വിവാഹം



എറണാകുളം തയ്യിൽകണ്ടത്തിൽ പരേതനായ ശ്രീ. കെ. സി. മാമ്മന്റെയും ശ്രീമതി. സുമ മാമ്മന്റെയും മകൻ **രവി ഫിലിപ്പ് മാമ്മ**നും തിരുവല്ല ശങ്കരത്തിൽ Dr. ജോർജ്ജ് തോമസിന്റെയും Dr. ലൈല ജോർജ്ജിന്റെയും മകൾ **ദീപ്തി ജോർജ്ജ് തോമസ്**ും തമ്മിലുള്ള വിവാഹം 30–6–2013 ൽ കത്തീഡ്രലിൽ നടന്നു.

പച്ചാളം ചീരൻസിൽ, ശ്രീ. സി. യു. തമ്പിയുടെയും, ശ്രീമതി. ഉഷ തമ്പിയുടെയും മകൻ **സ്മിജു തമ്പി** യും മങ്ങാട്ട് ചെറുവത്തൂർ ശ്രീ. രാജന്റെയും, ശ്രീമതി. മേരി രാജന്റെയും മകൾ **സെലു മോൾ സി.രാജനും** തമ്മിലുള്ള വിവാഹം 09–06–2013 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## മാമോദീസ

എറണാകുളം കാച്ചപ്പിള്ളിൽ ശ്രീ. ജോർജ്ജ് കാച്ചപ്പിള്ളിയുടെയും ശ്രീമതി കെ.എസ്. ജിജി മോളുടെയും മകൾ **മേരി** 08–06–2013 ൽ മാമോദീസ സ്വീകരിച്ചു.

*ഈ പൈതലിന് ദൈവകൃപ ആശംസിക്കുന്നു*





# ദൈവ നിശ്ചയം

......ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമായി തീർന്നു.....(ഫിലി. 1 : 12).

യോനായുടെ കഥ നമുക്കെല്ലാം പരിചിതമാണല്ലോ. പലപ്പോഴും നമ്മുടെ പ്ലാനും പദ്ധതികളും നടക്കാറില്ല. ദൈവത്തിന് നമ്മെ ക്കൊണ്ടുള്ള ഉദ്ദേശം നടപ്പാകണമെങ്കിൽ ദൈവനിശ്ചയത്തിന് നാം നിന്നു കൊടുക്കണം.

പാശ്ചാത്യ മിഷനറിമാരിൽ അഗ്രഗണ്യനായിരുന്ന സ്കോട്ട്ലന്റ് കാരൻ ‘അലക്സാണ്ടർ ഡഫ്’ എന്നയാളുടെ കഥ അറിഞ്ഞിരിക്കേണ്ടതാണ്.. 22 പേരുമായി ‘ലേഡി ഹോളണ്ട്’ എന്ന കപ്പലിൽ ഇന്ത്യയിലേക്ക് തിരിച്ച ഡഫ്, സൗത്ത് ആഫ്രിക്കയിലെ കേപ്ടൗണിനടുത്താണ് ആദ്യം അപകടത്തിൽപ്പെട്ടത്. 22 പേരും രക്ഷപ്പെട്ട ആ അപകടത്തിൽ ഡഫിന്റെ ഏതാണ്ട് മുഴുവൻ ലഗ്ഗേജും നഷ്ടപ്പെട്ടു. രക്ഷപെട്ട് തീരത്തടുത്തപ്പോൾ ആകെ തിരിച്ചുകിട്ടിയത് 40 പുസ്തകങ്ങളുടെ ഒരു കെട്ടു മാത്രമായിരുന്നു.(ആകെ8 00പ ുസ്തകങ്ങൾഅ ദ്ദേഹംെ കാണ്ടുവന്നിരുന്നു). കിട്ടിയ പുസ്തകങ്ങളിൽ തന്നെ വി. വേദപുസ്തകം മാത്രമേ വായിക്കുവാൻ പറ്റുന്നതായുണ്ടായിരുന്നുള്ളു– ദൈവം ഡഫിന് വേണ്ടി കരുതി വച്ചതുപോലെ. കൽക്കട്ട തുറമുഖത്തിനടുത്തുണ്ടായ രണ്ടാമത്തെ അപകടവും തരണം ചെയ്ത്, ഏ.ഡി. 1830 മെയ് 27 ന് കൽക്കട്ടയിൽ കപ്പലിറങ്ങി. ഈ സംഭവം ഡഫിന്റെ ചിന്തകളെ മാറ്റി മറിക്കുകയും ക്രിസ്തുവിന് വേണ്ടി മാത്രം ഇന്ത്യയിൽ ജീവിക്കുവാൻ ഡഫ് തീരുമാനിക്കുകയും ചെയ്തു.അടുത്ത ദിവസം തന്നെ നാലോ, അഞ്ചോ കുട്ടികളെ വിളിച്ചുകൂട്ടി വേദപുസ്തകം പഠിപ്പിക്കാൻ ആരംഭിച്ചെന്നാണ് പറയുന്നത്.

നമ്മുടെ രാജ്യത്തു വന്നിട്ടുള്ള മിഷനറിമാരിൽ ഏറ്റവും കൂടുതൽ നമ്മുടെ രാജ്യ പുരോഗതിയിൽ പങ്കുവഹിച്ചിട്ടുള്ളതും, കൂടുതൽ ബ്രാഹ്മണരെ ക്രിസ്തുമതത്തിലേക്ക് ആകർഷിച്ചിട്ടുള്ളതും ഇദ്ദേഹമാണ്. അത് സാധ്യമാക്കാൻ സമൂഹത്തിലെ മേലേക്കിടയിലുണ്ടായിരുന്നവരെ ഇംഗ്ലീഷ് പഠിപ്പിച്ച് അതിലൂടെ ക്രിസ്തുമതം പ്രചരിപ്പിക്കുകയാണ് ഡഫ് ചെയ്തത്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡഫിന്റെ സംഭാവന വളരെ വലുതായിരുന്നു. കൽക്കട്ട യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങളിലും ഡഫ് പ്രധാനിയായിരുന്നു. രാജാറാം മോഹൻറായിയെപ്പോലുള്ള പ്രഗത്ഭരും ഡഫിനെ സഹായിച്ചിരുന്നു (1833–1854). വിദ്യാഭ്യാസത്തിൽ വളരെ ശ്രദ്ധിക്കുകയും, ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ കൂടി മാത്രമെ ഇന്ത്യക്ക് വളർച്ച ഉണ്ടാകുകയുള്ളു എന്ന് പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തിരുന്നു.

അന്നത്തെ ‘ഈസ്റ്റ് ഇന്ത്യകമ്പനി’ ക്ക് ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാ ഭ്യാസം തുടങ്ങുന്നതിനോട് വലിയ താൽപര്യം ഇല്ലായിരുന്നു. ഡഫാണ് അവരെയും അതിൽ തൽപ്പരരാക്കിയത്. ■

## സ്നേഹനിധി

ഭാഗ്യ സ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മയ്ക്കായി നടത്തുന്ന സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ “സ്നേഹനിധി” (വിദ്യാഭ്യാസ സഹായ പദ്ധതി), തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായുള്ള സ്കോളർഷിപ് വിതരണം ഓഗസ്റ്റ് 15–ാം തീയതി കത്തീഡ്രലിൽ നടത്തുന്നതാണ്. വികാരി ബഹു. പി. ഐ. വർഗ്ഗീസ് അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന പ്രസ്തുത സമ്മേളനത്തിൽ കൊച്ചി മെത്രാസ നാധിപൻ അഭി. ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമേനി സ്നേഹനിധി സ്കോളർഷിപ് വിതരണം ചെയ്യും. അഭി. ഡോ. തോമസ് മാർ അത്താനിയാസിയോസ്, അഭി. യൂഹാനോൻമാർ പോളിക്കാർ പ്പോസ് എന്നിവർ ആശംസകൾ അർപ്പിക്കുകയും ചെയ്യും. സ്നേഹനിധിക്ക് ഇടവകാംഗങ്ങളുടെ സഹകരണം അഭ്യർത്ഥിക്കുന്നു. ■



കൊച്ചി യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലറായി നിയമിതനായ **ഡോ.പൗലോസ് ജേക്കബ്.** നമ്മുടെ ഇടവകാംഗം ശ്രീ. കെ. യു. ജേക്കബിന്റെയും മേരി ജേക്കബിന്റെയും പുത്രനാണ് ഇദ്ദേഹം.

*ഇടവകാംഗങ്ങളുടെയും പാരീഷ് ന്യൂസിന്റെയും അഭിനന്ദനങ്ങൾ*



Shri. George Alexander Muthoot, Managing Director, The Muthoot Group received 'Dhanam Business Man of the year 2012' award for the pivotal role played in the astounding success story of the group.

*Congratulations from Parish News*

## OCYM News



ആർദ്രത റിലീഫ് സെന്ററിന്റെ ആഭിമുഖ്യത്തിൽ മാസം തോറും ഡയാലിസിസിനായി കൊടുക്കാറുള്ള ധനസഹായം ഫാ. പി.ഐ.വർഗ്ഗീസ്സ് ജനറൽ ഹോസ്പിറ്റലിൽ ഡോ. ലിയയെ ഏൽപ്പിക്കുന്നു.



2011-13 CBSE Secondary School Examination (Class X) എല്ലാ വിഷയങ്ങൾക്കും A1കരസ്ഥമാക്കിയ Abel George. ശ്രീമതി സിന്ധു ജോർജിന്റെയും ശ്രീ ജോർജ് ഏലിയാസിന്റെയും പുത്രനും റവ. ഫാ. O.V.ഏലിയാസ് അച്ചന്റെ പേരക്കുട്ടിയുമാണ്.

*പാരിഷ് ന്യൂസിന്റെ അഭിനന്ദനങ്ങൾ*

## വി. കുർബ്ബാനസമയം

**എളംകുളം മാർ ഗ്രീഗോറിയോസ് ചാപ്പൽ**

July 07. - 10.30 a.m, July 14 - 7.00 a.m, July 21 - 10.30 a.m,July 28 - 7.00 a.m.

**സെമിത്തേരിമുക്ക് ചാപ്പൽ**

July 07 -7.30 a.m, July 21 - 7.30 a.m എല്ലാ ശനിയാഴ്ചയും കുർബ്ബാന 6.45 a.m

## വിശേഷ ദിവസങ്ങൾ

| | |
|---|---|
| ജൂലൈ 15 തിങ്കൾ | മാർ കുരിയാക്കോസ് സഹദായുടെയും അമ്മ യുലീത്തയുടെയും ഓർമ്മ |
| ഓഗസ്റ്റ് 1 വ്യാഴം | 15 നോമ്പാരംഭം |

## നിര്യാതരായി

1.പാലാരിവട്ടം Roseneath എലിസബത്ത് ഏബ്രഹാം(93) 04–06–2013 ൽ നിര്യാതനായി. 05–06–2013 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

2.കലൂർ വെള്ളുത്തോട്ടം ശ്രീ. **V.I.വർക്കി** (93), 16–06–2013 ൽ നിര്യാതയായി. 17–06–2013 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാജ്ഞലികൾ*



c m y k